# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ


https://admission.uoc.ac.in/

0494 240 7016, 7017, 7152


**ഏകജാലക പ്രവേശന പ്രക്രിയ മുഖേനയുള്ള ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളുടെ ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദേശങ്ങൾ**

**http://admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് വിജ്ഞാപനം, പ്രോസ്പെക്ടസ്, അനുബന്ധ ഉത്തരവുകൾ ഓരോ കോഴ്സുകളുടെയും യോഗ്യതകൾ, കഴിഞ്ഞ വഷത്തെ ഓരോ കോളേജിലെയും ലാസ്റ്റ് ഇൻഡക്സ് മാർക്കുകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കേണ്ടതാണ്**

---

- യൂണിവേഴ്സിറ്റിയുടെ പ്രവേശന രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് യാതൊരു കാരണവശാലും മാനേജ്മെന്റ്/ സ്പോർട്സ്/ സമുദായ/ സംവരണ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നതല്ല. മെറിറ്റ്/മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം തേടുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈനിൽ അപേക്ഷിക്കേണ്ടതും അപേക്ഷയുടെ പ്രിന്റ് ഔട്ട് പ്രവേശന സമയത്ത് നിശ്ചിത ഡിപ്പാർട്ട്മെന്റ്/ സെന്റർ/ കോളേജിൽ സമർപ്പിക്കേണ്ടതുമാണ്

---

- **പ്രധാനമായും രണ്ട് ഘട്ടങ്ങളാണ് അപേക്ഷ സമർപ്പണത്തിനുള്ളത്**

ഒന്നാം ഘട്ടം : ഓൺലൈൻ അപേക്ഷ സമർപ്പണം

രണ്ടാം ഘട്ടം : ഫീസ് അടയ്ക്കുക(ഓൺലൈൻ വഴി മാത്രം)

## ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക

1. ജനന തീയതി :എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ കോപ്പി .

**ശ്രദ്ധിക്കുക**



2. മൊബൈൽ നമ്പർ, ഇ-മെയിൽ **ഐഡി എന്നിവ** അപേക്ഷകന്റെയോ/ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക. ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ മൊബൈൽ നമ്പർ നൽകരുത്. സുപ്രധാനമായ പല കാര്യങ്ങളും SMS വഴിയാണ് അറിയിക്കുന്നത്. മറ്റുള്ളവരുടെ മൊബൈൽ നമ്പറാണ് നൽകുന്നതെങ്കിൽ അലോട്ട്മെന്റ് ഉൾപ്പെടെയുള്ള സുപ്രധാന വിവരങ്ങൾ അറിയാതെ പോകുവാൻ ഇടയുണ്ട് .)

₹

3. അപേക്ഷ ഫീസ് : ഓരോ പ്രവേശന വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുള്ള ഫീസ്.

4. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്



5. .jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ.



6. അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന കോളേജ്/കോഴ്സ്, മുൻഗണന പ്രകാരം തയ്യാറാക്കുക. ഒരു

അപേക്ഷകന് വിവിധ കോളേജുകളിൽ നിന്നുമായി 20 കോഴ്സുകൾ/പ്രോഗ്രാമുകൾ തെരഞ്ഞെടുത്ത് സമർപ്പിക്കാവുന്നതാണ്. കോളേജ്/കോഴ്സ്, എന്നിവയുടെ ലിസ്റ്റ് https://admission.uoc.ac.in/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ കോളേജുകളിലെയും, എയിഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെയും ഫീസ് ഗവണ്മെന്റ് കോളേജുകളിലെ ഫീസ് നിരക്കിൽ നിന്നും വ്യത്യസ്തമായിരിക്കും. അതാത് വർഷത്തെ ഫീസ് ഘടന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്

---



7. **EWS** (സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക്) വിഭാഗത്തിൽ അപേക്ഷിക്കുന്നവർ സ.ഉ.(എം.എസ്) നം. 128/2020/ഉ.വി.വ. തിയതി 20.03.2020 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാവും എന്ന് ഉറപ്പ് വരുത്തേണ്ടതാണ് (ബന്ധപ്പെട്ട ഉത്തരവ് സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്).

---



8. രജിസ്ട്രേഷൻ പൂർത്തിയാക്കി **Final Submit & Pay** ബട്ടൺ ക്ലിക്ക് ചെയ്താൽ താങ്കളുടെ അപേക്ഷ പിന്നീട് എഡിറ്റ് ചെയ്യാൻ സാധിക്കില്ല. ആയതിനാൽ **പ്രിവ്യൂ** പരിശോധിച്ച ശേഷം മാത്രമേ അന്തിമ സമർപ്പണം നടത്താവൂ.

---



9. **പേയ്മെന്റ് നടത്തുമ്പോൾ പ്രസ്തുത വിൻഡോ റിഫ്രഷ് ചെയ്യുകയോ ബാക് ബട്ടൺ അമർത്തുകയോ ചെയ്യരുത്..**

10. പേയ്മെന്റിന് ശേഷം നിങ്ങൾക്ക് വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്.


11. അല്ലോട്മെന്റുകളും അനുബന്ധ വിവരങ്ങളും അറിയുന്നതിന് ഈ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്



12. ഓൺലൈൻ അപേക്ഷയുടെ പകർപ്പ് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല ഇത് പ്രവേശന സമയത്ത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്

13. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും **സർവ്വകലാശാലയുമായോ** (https://admission.uoc.ac.in/admission?pages=ug) അടുത്തുള്ള നോഡൽ സെന്ററുകളിലേക്കോ നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.





# രജിസ്ട്രേഷൻ ഒറ്റ നോട്ടത്തിൽ

**ഒന്നാം ഘട്ടം: ഓൺലൈൻ അപേക്ഷ സമർപ്പണം**

- ക്യാപ് ഐഡി ജനറേഷൻ
- വ്യക്തിഗത വിവരങ്ങളുടെ രേഖപ്പെടുത്തൽ
- റിസർവേഷൻ വിവരങ്ങളുടെ രേഖപ്പെടുത്തൽ
- വെയിറ്റേജ് വിവരങ്ങളുടെ രേഖപ്പെടുത്തൽ
- ഫോട്ടോ അപ്‌ലോഡ് ചെയ്യൽ
- അക്കാദമിക വിവരങ്ങൾ രേഖപ്പെടുത്തൽ
- കോളേജ്/ കോഴ്സ് ഓപ്‌ഷനുകൾ ചേർക്കൽ
- അപേക്ഷയിൽ നൽകിയ വിവരങ്ങൾ വെരിഫൈ ചെയ്ത് അന്തിമ സമർപ്പണം നടത്തൽ


**രണ്ടാം ഘട്ടം: ഫീസ് അടയ്ക്കുക.**

- രജിസ്ട്രേഷൻ ഫീ അടയ്ക്കൽ (ഓൺലൈനായി മാത്രം)
- അപേക്ഷ പ്രിന്റൗട്ട് എടുത്ത്/ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കൽ

# രജിസ്ട്രേഷൻ ആരംഭിക്കാം

**രജിസ്ട്രേഷനായി ഗൂഗിൾ ക്രോം/മോസില്ല ഫയർഫോക്സ് എന്ന ബ്രൗസറുകളുടെ ഏറ്റവും പുതിയ വേർഷൻ മാത്രം ഉപയോഗിക്കുക.**

ക്യാപ് ഐഡി ജനറേഷൻ





രജിസ്ട്രേഷൻ തുടങ്ങുന്നതിനായി ക്യാപ് ഐഡി ഉണ്ടാക്കുന്നതാണ് ആദ്യ പടി. https://admission.uoc.ac.in/admission?pages=ug -എന്ന വെബ് പേജ് സെർച്ച് ചെയ്യുമ്പോൾ നിങ്ങൾക്ക് താഴെ കാണുന്ന പേജ് ലഭിക്കും


ഈ വിൻഡോയിലെ **Apply Now** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക

.

- വിൻഡോയിൽ കാണുന്ന നിർദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഒഴിഞ്ഞ കോളങ്ങളിൽ പ്രാഥമിക വിവരങ്ങൾ തെറ്റുകൂടാതെ പൂർത്തീകരിക്കാം.
- ഈ പേജിൽ നൽകുന്ന വിവരങ്ങൾ മറ്റൊരവസരത്തിൽ നിങ്ങൾക്ക് തിരുത്താൻ സാധിക്കില്ല. അതിനാൽ വളരെ ശ്രദ്ധയോടെ മാത്രം വിവരങ്ങൾ ചേർക്കുക




രജിസ്ട്രേഷന് സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പർ വെരിഫൈ ചെയ്യുന്നതിനായി ഒരു 6 അക്ക ഓ.ടി.പി നമ്പർ നിങ്ങൾക്ക് SMS ലഭിക്കുന്നതായിരിക്കും. ഈ നമ്പർ തുടർന്ന് വരുന്ന സ്ക്രീനിൽ എന്റർ ചെയ്യേണ്ടതാണ്




ഉടനെ തന്നെ മുകളിൽ, രജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്കും ഈമെയിലിലേക്കും തുടർ രജിസ്ട്രേഷനാവശ്യമായ CAP ID , Security key എന്നിവ സന്ദേശമായി ലഭിക്കുന്നതാണ് .


CAP ID , Security key എന്നിവ രജിസ്ട്രേഷൻ/അലോട്ട്മെന്റ് സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതിനാൽ അത് സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.


തുടർന്ന് വരുന്ന പേജിൽ ലോഗിൻ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് മൊബൈൽ/ഇമെയിൽ സന്ദേശം മുഖേന ലഭ്യമായ ക്യാപ് ഐഡി , 8 അക്ക സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്.




ഈ രജിസ്ട്രേഷൻ പ്രക്രിയയുടെ ഏതെങ്കിലും ഘട്ടത്തിൽ കമ്പ്യൂട്ടർ തകരാറോ നെറ്റ്‌വർക്ക് തകരാർ മൂലമോ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ നിങ്ങൾക്ക് ലഭിച്ച ഉപയോഗിച്ച് ഓൺലൈൻ രജിസ്ട്രേഷൻ പ്രക്രിയയുടെ ഹോം പേജിൽ വീണ്ടും ലോഗിൻ ചെയ്ത് ബാക്കി പ്രക്രിയകൾ പൂർത്തീകരിക്കാവുന്നതാണ്. അതിനായി പുതിയ ക്യാപ് ഐഡി , 8 അക്ക സെക്യൂരിറ്റി കീ എന്നിവ വീണ്ടും ഉണ്ടാക്കേണ്ടതില്ല.


## വ്യക്തിഗത വിവരങ്ങളുടെ രേഖപ്പെടുത്തൽ







## റിസർവേഷൻ വിവരങ്ങളുടെ രേഖപ്പെടുത്തൽ

റിസർവേഷൻ വിശദാംശങ്ങൾ നൽകുമ്പോൾ അതീവ ശ്രദ്ധ പാലിക്കണം. തെരഞ്ഞെടുക്കുന്ന യോഗ്യത തെളിയിക്കാൻ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. അർഹതപ്പെട്ട റിസർവേഷനുകൾ അല്ലെങ്കിൽ പ്രവേശനം നിരസിക്കപ്പെടുന്നതാണ്




പ്രവേശന സമയത്ത് SEBC വിഭാഗത്തിൽ റിസർവേഷൻ അവകാശപ്പെടുന്ന അപേക്ഷകർ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള നോൺ ക്രീം ലെയർ സർട്ടിഫിക്കറ്റും ഹാജരാക്കണം.(പ്രോസ്പെക്ടസ് കാണുക )





EWS(സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക് ) വിഭാഗത്തിൽ അപേക്ഷിക്കുന്നവർ സ.ഉ.(എം.എസ്) നം.128/2020/ഉ.വി.വ. തിയതി 20.03.2020 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കണം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഇവിടെ YES തെരഞ്ഞെടുക്കുക.


**YES** എന്ന് തെരഞ്ഞെടുക്കുമ്പോൾ, ലിസ്റ്റ് ചെയ്യപ്പെടുന്ന ഏതെങ്കിലും ഒന്നിന്റെ സർട്ടിഫിക്കറ്റ് നിങ്ങൾക്ക് ഹാജരാക്കാൻ സാധിക്കണം(പ്രോസ്പെക്ടസ് കാണുക)

## വെയിറ്റേജ് വിവരങ്ങളുടെ രേഖപ്പെടുത്തൽ

DISABILITY വിവരങ്ങൾ ഉണ്ടെങ്കിൽ ഇവിടെ രേഖപ്പെടുത്താം
സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്






വെയ്റ്റേജ്: യോഗ്യതയുള്ള ബോണസ് / വെയിറ്റേജ് നൽകുക.
വെയ്റ്റേജ് വിശദാംശങ്ങൾ നൽകുമ്പോൾ അതീവ ശ്രദ്ധ പാലിക്കണം. തെരഞ്ഞെടുക്കുന്ന യോഗ്യത തെളിയിക്കാൻ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. അർഹതപ്പെട്ട വെയ്റ്റേജ് അല്ലെങ്കിൽ പ്രവേശനം നിരസിക്കപ്പെടുന്നതാണ്
NSS, NCC & SPC ഇവയിൽ ഒന്ന് മാത്രമേ തെരഞ്ഞെടുക്കാൻ പാടുള്ളു




രേഖപ്പെടുത്തിയവ ശരിയാണെങ്കിൽ ഇവിടെ ക്ലിക് ചെയ്യാം


## ഫോട്ടോ അപ്‌ലോഡ് ചെയ്യൽ



## അക്കാദമിക വിവരങ്ങൾ രേഖപ്പെടുത്തൽ

- സ്ക്രീനിൽ മാർക്ക് സ്വമേധയ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ശരിയാണ് എന്ന് ഉറപ്പവരുത്തുക.
- മറ്റുള്ളവർ മാർക്ക് രേഖപ്പെടുത്തുക.
- മാർക്ക് എൻട്രി :മാർക്ക് രേഖപ്പടുത്തുമ്പോൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്





മാർക്ക് എൻട്രി പൂർത്തീകരിച്ച ശേഷം ഇവിടെ ക്ലിക് ചെയ്യാം

രജിസ്ട്രേഷൻ തുടരുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യാം

## കോളേജ്/ കോഴ്സ് ഓപ്ഷനുകൾ ചേർക്കൽ

- ഈ ഭാഗത്തിൽ അപേക്ഷകർ ഉദ്ദേശിക്കുന്ന കോളേജ്, കോഴ്സ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
- ബിരുദ രജിസ്ട്രേഷന്റെ ഹോം പേജിലെ **Previous Index Mark-2020** എന്ന ലിങ്കിൽ തങ്ങൾക്ക് പ്രവേശനം ലഭിക്കാൻ സാധ്യതയുള്ള കോളേജ്-കോഴ്സ് കോമ്പിനേഷൻ ആദ്യമേ തയ്യാറാക്കി വെക്കുന്നതാണ് ഉചിതം.
- കോഴ്സുകളുടെ ഫീസ് വ്യത്യസ്തമായതിനാൽ ഹോം പേജിൽ ലഭ്യമായ **UG-Fee Structure** -ലേക്കും നിങ്ങളുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്
- മുൻഗണനാക്രമത്തിൽ നേരത്തെ തയ്യാറാക്കിവെച്ച കോളേജ്, കോഴ്സ് ലിസ്റ്റ് എന്റർ ചെയ്യുക.



1 Personal Details — Enter your personal,reservation weightage,photo
2 Qualification — Enter your qualified mark details
3 College — Select your college,community college details
4 Preview & Verify — Verify Your Application
5 Payment — Pay And Finalise Your Application
6 Print Application — Download Your Application


College-Course Details [ CAP20UG100007 ]

| Priority | College | Course |
|---|---|---|
| 1 | GOVT. VICTORIA COLLEGE, PALAKKAD | B.Com FINANCE |
| 2 | M.E.S PONNANI COLLEGE | BA ECONOMICS |
| 3 | AWH COLLEGE OF SCIENCE & TECHNOLOGY, ANAKI | B.Com COMPUTER APPLICATION |
| 4 | E.M.E.A COLLEGE OF ARTS AND SCIENCE, KONDOTI | --- Select Programme --- |
| 5 | -- Select College -- | |
| 6 | -- Select College -- | |
| 7 | -- Select College -- | |


--- Select Programme ---
Aided Courses
B.Com CO-OPERATION
B.Com COMPUTER APPLICATION
BA ECONOMICS
BA ENGLISH LANGUAGE AND LITERATURE
BA WEST ASIAN STUDIES
Self Fincancing Courses
BACHELOR OF BUSINESS ADMINISTRATION

അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ വരുത്തുക. കാരണം ഇനി തിരുത്തലുകൾക്കുള്ള അവസരം ലഭ്യമാകില്ല. എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ബാക് ബട്ടണോ മുകളിലെ മെനുവിലോ ക്ലിക്ക് ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രിവ്യൂ വെരിഫൈ ചെയ്യുക



പ്രിവ്യൂ ബട്ടൺ ക്ലിക്ക് ചെയ്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം അന്തിമ സമർപ്പണം നടത്തുക.





Final Submit & Pay ബട്ടണിൽ ക്ലിക് ചെയ്താൽ തുടർന്ന് വരുന്ന നിർദേശങ്ങൾ ശ്രദ്ധിച്ച് വായിക്കുക.

നിർദേശങ്ങൾ വായിച്ചു OK ക്ലിക്ക് ചെയ്യുന്നതിലൂടെ ഒന്നാം ഘട്ടം പൂർത്തിയായിരിക്കുന്നു,


**രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനായി അടുത്ത ഘട്ടത്തിലേക്ക് ……**

**ഫീസ് അടയ്ക്കുക. (ഓൺലൈൻ വഴി മാത്രം)**



**സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ/ പേയ്മെന്റ് ഗേറ്റ് വേ മാർഗം പേയ്മെന്റ് നടത്തിയതിനു ശേഷം നിശ്ചിത സമയം കഴിഞ്ഞാൽ ആപ്ലിക്കേഷനിൽ നിന്നും Log Out ആവുന്നതായിരിക്കും**

**വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷ ഡൗൺലോഡ് ചെയ്തോ പ്രിന്റൗട്ട് എടുത്തോ സൂക്ഷിക്കുക.**



**രജിസ്ട്രേഷൻ ഫീസ് അടച്ചതിൻറെ ചലാൻ വിവരങ്ങൾ പേജിൻറെ താഴെ കാണുന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാം.**


**Community College-Course Details**

| Priority | college | course | [illegible]ndex [illegible]ark |
| --- | --- | --- | --- |
| 1 | E.M.E.A COLLEGE OF ARTS AND SCIENCE, KONDOTTY | BA ECONOMICS | 6[illegible]0.00 |

**REGISTRATION FEE DETAILS**

| SL.NO | CAPID | AMOUNT | DATE | TYPE | |
| --- | --- | --- | --- | --- | --- |
| 1 | [illegible] | [illegible] | [illegible] | REGISTRATION FEES | |

പേയ്മെന്റ് പരാജയപ്പെട്ടാൽ വീണ്ടും ലോഗിൻ ചെയ്ത് താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് വീണ്ടും പേയ്മെന്റ് നടത്തുക



മറ്റ മാർഗങ്ങൾ മുഖേന ഫീസ് അടവാക്കിയവർ അപേക്ഷ സമർപ്പണത്തിനുള്ള അവസാന തിയതിക്ക് മുൻപേ തങ്ങളുടെ ക്യാപ് ഐഡി, സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് പൂർത്തീകരിച്ച അപേക്ഷയുടെ പകർപ്പുകൾ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

ഓൺലൈൻ അപേക്ഷയുടെ പകർപ്പ് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ഇത് പ്രവേശന സമയത്ത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

**Visit our website: http://admission.uoc.ac.in**
**Email : ugcap@uoc.ac.in**